ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.11.2024**

## പ്രധാനവാർത്തകൾ

1). സംസ്ഥാനത്തെ വയനാട്, ചേലക്കര മണ്ഡലങ്ങളിൽ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഭേദപ്പെട്ട പോളിങ്.
വയനാട് 62-ഉം ചേലക്കരയിൽ 69-ഉം ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. വോട്ടെടുപ്പ് സമാധാനപരം.

2) ഝാർഖണ്ഡ് ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് പൂർത്തിയായി. 5 മണി വരെ രേഖപ്പെടുത്തിയത് 64.86 ശതമാനം പോളിങ്.

3) കുറ്റകൃത്യത്തിൽ പ്രതിയാക്കപ്പെടുന്നവരുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് പൊളിക്കുന്ന നടപടി ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി.

4) സംസ്ഥാനത്തെ പ്രമേഹരോഗ നിയന്ത്രണ പദ്ധതികളെ ശാക്തീകരിക്കുന്നതിന് ഒരു വർഷം നീളുന്ന തീവ്രയജ്ഞ പരിപാടി നടപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

5) ആത്മകഥാ വിവാദത്തിൽ ഡിജിപിക്ക് പരാതി നൽകി സി.പി.ഐ.എം നേതാവ് ഇ.പി ജയരാജൻ.

6) ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ ഇന്ത്യയുടെ മൂന്നാം ട്വൻറി-20 മത്സരം ഇന്ന്.

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ വയനാട്, ചേലക്കര മണ്ഡലങ്ങളിൽ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഭേദപ്പെട്ട പോളിങ്. ഇതുവരെയുള്ള കണക്കുകൾ പ്രകാരം വയനാട് ലോക്സഭാ മണ്ഡലത്തിൽ 62 ശതമാനവും, ചേലക്കര നിയമസഭാ മണ്ഡലത്തിൽ 69 ശതമാനവും പോളിങ് രേഖപ്പെടുത്തി. വോട്ടെടുപ്പ് സമയം ആറ് മണിയ്ക്ക് അവസാനിച്ചെങ്കിലും, ബൂത്തുകളിൽ വരിയിൽ തുടരുന്നവർക്ക് വോട്ട് ചെയ്യാൻ അവസരം ഒരുക്കിയിട്ടുണ്ട്. രാവിലെ 7 മണിക്കാണ് പോളിങ് ആരംഭിച്ചത്. രണ്ട് മണ്ഡലങ്ങളിലും പൊതുവേ സമാധാനപരമായിരുന്നു വോട്ടെടുപ്പ്. ചില ബൂത്തുകളിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീനിൽ ചില സാങ്കേതിക തടസ്സങ്ങൾ അനുഭവപ്പെട്ടെങ്കിലും ഇത് വേഗത്തിൽ പരിഹരിച്ച് വോട്ടിങ് തുടരാനായി. രാവിലെ മന്ദഗതിയിൽ ആരംഭിച്ച വോട്ടെടുപ്പിൽ ഉച്ച തിരിഞ്ഞ് വലിയതോതിലുള്ള ജനപങ്കാളിത്തമാണ് അനുഭവപ്പെട്ടത്.

RNU TVPM

## വയനാട് - (ഇൻട്രോ)

ദേശീയ രാഷ്ട്രീയം ഏറെ ഉറ്റുനോക്കുന്ന വയനാട് ലോക്സഭ മണ്ഡലത്തിൽ പോളിങ് നിരക്ക് 62 ശതമാനത്തിലെത്തിയതോടെ വിജയപ്രതീക്ഷയിലാണ് മുന്നണികൾ. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ യു.ഡി എഫിനായി പ്രിയങ്ക ഗാന്ധിയും എൽ.ഡി.എഫിനായി സത്യൻ മൊകേരിയും എൻ.ഡി.എ യ്ക്കായി നവ്യ ഹരിദാസുമാണ് ജനവിധി തേടുന്നത്.

**വയനാട് മണ്ഡലത്തിൽ നിന്നുള്ള ഏറ്റവും പുതിയ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ് ...........**

**(ഹോൾഡ്.........)**

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ വയനാട്ടിൽ 73 ന് മുകളിലായിരുന്നു പോളിങ്ങ് ശതമാനം.

**ചൂരൽമല - വോട്ട്**

ചൂരൽമല- മുണ്ടക്കൈ ഉരുൾപൊട്ടൽ ബാധിതർക്ക് വോട്ട് ചെയ്യുന്നതിനായി പ്രത്യേക സംവിധാനം ഒരുക്കി ജില്ലാഭരണകൂടം. ഉരുൾപൊട്ടൽ ഉണ്ടായ വാർഡുകളിലെ വോട്ടർമാർക്കായി ചൂരൽ മലയിലും, മേപ്പാടിയിലും പ്രത്യേക ബൂത്തുകൾ സജ്ജീകരിച്ചിരുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് താത്ക്കാലികമായി പുനരധിവസിപ്പിച്ചവർക്ക് സമ്മതിദാനം വിനിയോഗിക്കാൻ സൗജന്യ വാഹന സൗകര്യവും ഒരുക്കി. ദുരന്തബാധിത മേഖലയിൽ നിന്നുള്ള വോട്ടർമാരെ പൂക്കൾ നൽകിയാണ് ജില്ലാഭരണകൂടം ഹൃദ്യമായി വരവേറ്റത്.

**ചേലക്കര - (ഇൻട്രോ)**

അതിശക്തമായ രാഷ്ട്രീയ പോരാട്ടത്തിന് വേദിയായ ചേലക്കര മണ്ഡലത്തിൽ പോളിങ് ശതമാനം 69 രേഖപ്പെടുത്തിയത് രാഷ്ട്രീയ പാർട്ടികൾക്കിടയിൽ ആകാംക്ഷ വർദ്ധിപ്പിക്കുന്നു. എൽ.ഡി.എഫി നായി യു.ആർ പ്രദീപും, യു.ഡി.എഫിനായി രമ്യ ഹരിദാസും, എൻ.ഡി.എ യ്ക്കായി കെ. ബാലകൃഷ്ണനുമാണ് മണ്ഡലത്തിൽ ജനവിധി തേടുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**
**(വോയിസ്........)**

PNU TVPM

2021 ൽ ചേലക്കരയിൽ 77 ശതമാനത്തിന് മുകളിൽ പോളിങ്ങ് രേഖപ്പെടുത്തിയിരുന്നു. വോട്ടിങ്ങ് നിരക്കിലെ വ്യത്യാസം തിരഞ്ഞെടുപ്പ് ഫലത്തെ എങ്ങനെ സ്വാധീനിക്കുമെന്ന ആകാംഷയിലാണ് രാഷ്ട്രീയ നേതൃത്വം.

**<u>പാലക്കാട് പ്രചാരണം</u>**

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം അവസാനിക്കാൻ ദിവസങ്ങൾ ശേഷിക്കേ സമ്മതിദായകരെ നേരിൽ കണ്ട് വോട്ടഭ്യർത്ഥിക്കുന്ന തിരക്കലാണ് സ്ഥാനാർത്ഥികൾ. വരും ദിവസങ്ങളിൽ മൂന്ന് മുന്നണികളുടെയും പ്രമുഖ നേതാക്കൾ മണ്ഡലത്തിലെത്തും. ഒന്നാം തേരുത്സവ ദിനമായ ഇന്ന് സ്ഥാനാർത്ഥികൾ കൽപ്പാത്തിയിൽ എത്തിയിരുന്നു. ഈ മാസം 18- നാണ് പരസ്യപ്രചാരണം അവസാനിക്കുക. വോട്ടെടുപ്പിനോട് അനുബന്ധിച്ച് ഈ മാസം 20-ന് നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിലെ വോട്ടെണ്ണൽ ഈ മാസം 23 ന് നടക്കും.

RNU TVPM

**<u>മറ്റ് സംസ്ഥാനങ്ങൾ</u>**

ഝാർഖണ്ഡ് ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ അഞ്ച് മണി വരെയുള്ള കണക്കുകൾ പ്രകാരം 64.86 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. സംസ്ഥാനത്തെ 43 മണ്ഡലങ്ങളിൽ നടന്ന പോളിങ്ങ് പൊതുവേ സമാധാനപരമായിരുന്നു. കേരളത്തിന് പുറമേ 9 സംസ്ഥാനങ്ങളിലെ 30 മണ്ഡലങ്ങളിലും ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു.

## സുപ്രീംകോടതി -ബുൾഡോസർ

കുറ്റകൃത്യത്തിൽ പ്രതിയാക്കപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നവരുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് പൊളിക്കുന്ന നടപടി സർക്കാരുകൾ കൈക്കൊള്ളാൻ പാടില്ലെന്ന് സുപ്രീംകോടതി. ഇത്തരം നടപടികൾ നിയമവാഴ്ചയ്ക്ക് വിരുദ്ധവും, അധികാര ദുർവിനിയോഗവുമാണെന്നും കോടതി നിരീക്ഷിച്ചു. ഒരു വ്യക്തി കുറ്റവാളിയോണോ എന്ന് പ്രഖ്യാപിക്കേണ്ടത് കോടതിയാണെന്നും, ഭരണകർത്താക്കളല്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. കെട്ടിടങ്ങൾ പൊളിക്കുന്നതിന് മുമ്പ് അധികാരികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കോടതി പുറപ്പെടുവിച്ചു. പാർപ്പിടത്തിനുള്ള അവകാശം പൗരന്മാരുടെ മൗലികാവകാശ മാണെന്നും, നിരപരാധികൾക്ക് അത്തരം അവകാശം നിഷേധിക്കുന്നത് പൂർണമായും ഭരണഘടനാ വിരുദ്ധമാണെന്നും പരമോന്നത കോടതി പറഞ്ഞു.

RNU TVPM

## ഗവർണർ-കരസേന

ഇന്ത്യൻ സൈന്യത്തിൻറെ നിസ്വാർത്ഥ സേവനത്തെ പ്രശംസിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

കരസേനയിലെ മികച്ച സൈനികരെ ആദരിക്കുന്നതിനായി പാങ്ങോട് സൈനിക കേന്ദ്രത്തിൽ സംഘടിപ്പിച്ച പ്രത്യേക അനുമോദന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. മികച്ച സേവനത്തിനുള്ള അഭിനന്ദന സൂചകമായി, രണ്ടാം ബറ്റാലിയൻ മദ്രാസ് റെജിമെന്റിന് ശ്രീ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറുടെ പ്രശസ്തിപത്രം നൽകി.

## പ്രമേഹദിനം-ആരോഗ്യമന്ത്രി

സംസ്ഥാനത്തെ പ്രമേഹരോഗ നിയന്ത്രണ പദ്ധതികളെ ശാക്തീകരിക്കുന്നതിന് ഒരു വർഷം നീളുന്ന സംയോജിത തീവ്രയജ്ഞ പരിപാടി നടപ്പിലാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ലോക പ്രമേഹ ദിനമായ നാളെ ആരംഭിച്ച് അടുത്ത വർഷത്തെ പ്രമേഹ ദിനം വരെ നീളുന്നതാണ് പദ്ധതി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. പ്രമേഹ രോഗികൾക്കുണ്ടാകുന്ന വൃക്കരോഗങ്ങൾ, ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫൂട്ട്, പെരിഫെറൽ ന്യൂറോപ്പതി തുടങ്ങിയ സങ്കീർണതകൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനം പദ്ധതിയിലൂടെ നൽകുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

## ചലച്ചിത്രമേള

മലയാള സിനിമാ നയരൂപീകരണം അവസാന ഘട്ടത്തിലാണെന്ന് മന്ത്രി സജി ചെറിയാൻ. 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ സംഘാടക സമിതി യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചലച്ചിത്ര മേളയുടെ ലോഗോ പ്രകാശനം മന്ത്രി സജി ചെറിയാനും തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രനും ചേർന്ന് ചടങ്ങിൽ നിർവഹിച്ചു. ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ഈ മാസം 20- ന് ആരംഭിക്കും. തിരുവനന്തപുരത്ത് ഡിസംബർ 13 മുതൽ 20 വരെയാണ് 29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള നടക്കുന്നത്.

## നെല്ല് സബ് സിഡി

സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷൻ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിൻറെ സബ്സിഡിയായി 175 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാരിൻറെ താങ്ങുവില സഹായ കുടിശിക വൈകുന്ന സാഹചര്യത്തിലാണ് സംസ്ഥാനം അടിയന്തിരമായി തുക ലഭ്യമാക്കിയത്. സംസ്ഥാന സബ്സിഡിയും ഉറപ്പാക്കി നെല്ലിന് ഏറ്റവും ഉയർന്ന തുക ലഭ്യമാക്കുന്നതും കേരളത്തിലാണെന്ന് ധനമന്ത്രി അറിയിച്ചു.

---

## സ്കൂൾ കായികമേള-വി ശിവൻകുട്ടി

RNU TVPM

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താനുള്ള ശ്രമം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് മൂന്നംഗ സമിതിയെ നിയോഗിച്ചു. തിരുനാവായ നാവാ മുകുന്ദ, കോതമംഗലം മാർ ബേസിൽ സ്കൂളുകളോട് സമിതി വിശദീകരണം തേടും. രണ്ടാഴ്ചക്കകം സമിതി റിപ്പോർട്ട് സമർപ്പിക്കണമെന്നും വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം നിർദ്ദേശിച്ചു.

---

## 108 ആംബുലൻസ്

108 ആംബുലൻസ് പദ്ധതിക്കായി 40 കോടി രൂപ അനുവദിച്ച് സംസ്ഥാന ധനവകുപ്പ്. സർക്കാരിൻറെ മുൻഗണനാ പദ്ധതി എന്ന നിലയിൽ ചെലവ് നിയന്ത്രണ നിർദേശങ്ങളെല്ലാം ഒഴിവാക്കിയാണ് തുക അനുവദിച്ചത്.

---

**ഇ.പി ജയരാജൻ-ഡിജിപി**

ആത്മകഥാ വിവാദത്തിൽ സി.പി.ഐ.എം നേതാവ് ഇ.പി ജയരാജൻ ഡിജിപിക്ക് പരാതി നൽകി. ആത്മകഥയുടെ മറവിൽ വ്യാജ രേഖകൾ ഉണ്ടാക്കിയെന്നും തെറ്റായ പ്രചാരണം നടത്തിയെന്നുമാണ് പരാതി. ആത്മകഥ ഇതേവരെ എഴുതി പൂർത്തിയാക്കുകയോ, പ്രസിദ്ധീകരിക്കാൻ ആരെയും ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും ഇ.പി ജയരാജൻ നൽകിയ പരാതിയിൽ പറയുന്നു. ആത്മകഥയിലേത് എന്ന തരത്തിൽ പുറത്തുവരുന്ന വിവരങ്ങൾക്ക് പിന്നിൽ ആസൂത്രിത ഗൂഢാലോചനയുണ്ടെന്നും ഇ പി ജയരാജൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

RNUTVPM

**കേന്ദ്രസംഘം -മലപ്പുറം**

ജൽശക്തി അഭിയാൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രസംഘം നാളെയും മറ്റന്നാളും മലപ്പുറം ജില്ല സന്ദർശിക്കും . ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ജോയിൻറ് സെക്രട്ടറി ഉൾപ്പെടെയുള്ളവരാണ് സംഘത്തിലുള്ളത്. പി.എം.കെ.എസ്.വൈ യിലൂടെ നടപ്പിലാക്കിയ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ മിയാവാക്കി വനം, കിണർ റീചാർജ് എന്നിവ കേന്ദ്രസംഘം സന്ദർശിക്കും. തൊഴിലുറപ്പ് പദ്ധതി വഴി നടപ്പിലാക്കിയ കൂട്ടിലങ്ങാടിയിലെ മണ്ണ് കയ്യാല, ഒഴൂരിലെ മണ്ണാറുകുളം, പുറത്തൂർ പഞ്ചായത്തിലെ മുള കൊണ്ടുള്ള ബണ്ട് എന്നിവയും സംഘം സന്ദർശിക്കും.

**പാലക്കാട് - (ഇൻട്രോ)**

പാലക്കാട് കൽപ്പാത്തിയിൽ രഥപ്രയാണത്തിന് തുടക്കമായി. ഒന്നാം തേരുത്സവത്തിൻറെ ഭാഗമായ രഥാരോഹണവും ഇന്ന് നടന്നു. വെള്ളിയാഴ്ചയാണ് ദേവരഥസംഗമം.

**വിശദാംശങ്ങളുമായി ആകാശവാണി**

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**(വോയിസ്..........)**

**************************************************************************************************************

**സ്വാമി ചാറ്റ് ബോട്ട്**

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിൻറെ ഭാഗമായി പത്തനംതിട്ട ജില്ലാ ഭരണ കൂടം നിർമ്മിക്കുന്ന ""സ്വാമി ചാറ്റ് ബോട്ട് "" എ.ഐ അസ്സിസ്റ്റൻറിൻറെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി. സ്മാർട്ട് ഫോണിലൂടെ ഉപയോഗിക്കാൻ സാധിക്കുന്ന സ്വാമി ചാറ്റ് ബോട്ട് ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങി ആറ് ഭാഷകളിൽ സേവനം ഉറപ്പാക്കുന്നു. ദർശന സമയം, പൂജാസമയം തുടങ്ങിയ ക്ഷേത്ര കാര്യങ്ങളും വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഭക്തർക്ക് ഇതിലൂടെ ലഭ്യമാകും.

PNU TVPM

**************************************************************************************************************

**വെട്ടുകാട് തിരുനാൾ - (ഇൻട്രോ)**

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുന്നാൾ മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനം അന്തിമ ഘട്ടത്തിൽ. ഈ മാസം 15 മുതൽ 24 വരെയാണ് തിരുനാൾ ഉത്സവം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്...........)**

**ബീമാപള്ളി ഉറൂസ്**

ബീമാപള്ളി ഉറൂസ് ഡിസംബർ മൂന്ന് മുതൽ 13 വരെ നടക്കും. ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രി ജി.ആർ അനിലിൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേർന്നു. തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് യോഗത്തിൽ നിർദേശം നൽകി. ഉറൂസ് പ്രമാണിച്ച് ഡിസംബർ മൂന്നിന് തിരുവനന്തപുരം നഗരസഭാ പരിധിയിൽ പ്രാദേശിക അവധി നൽകും.

**രേവതി പട്ടത്താനം**

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് തളി മഹാദേവ ക്ഷേത്രത്തിലെ രേവതി പട്ടത്താനം ചടങ്ങുകൾ അല്പസമയത്തിനകം സമാപിക്കും. രാവിലെ ശാസ്ത്ര സദസ്സ് നടന്നു. അക്ഷരശ്ലോക സദസ്സും പ്രഭാഷണങ്ങളും ഉൾപ്പെടെ ഇന്ന് നടന്നിരുന്നു.

RNU TVPM

**ശബരിമല സ്പെഷ്യൽ ട്രെയിൻ**

ഹുബ്ലി - കോട്ടയം ശബരിമല സ്പെഷൽ സർവീസ് പ്രഖ്യാപിച്ച് റെയിൽവേ. ഹുബ്ലിയിൽ നിന്ന് കോട്ടയത്തേക്ക് നവംബർ 19 മുതലും കോട്ടയത്ത് നിന്ന് ഹുബ്ലിയിലേക്ക് നവംബർ 20 മുതലും സർവീസ് തുടങ്ങും. . മുൻപ് കോട്ടയം റൂട്ടിൽ ബംഗളൂരു-കൊച്ചുവേളി സ്പെഷ്യൽ ട്രെയിനും പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ശബരിമല സീസണിൽ മുപ്പതോളം സ്പെഷൽ ട്രെയിനുകളാണ് സർവീസ് നടത്തിയത്.

## എം ടി പത്മ - പൊതുദർശനം

ഇന്നലെ അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം ടി പത്മയുടെ ഭൗതികദേഹം കോഴിക്കോട് എത്തിച്ചു. ഡി.സി.സി ഓഫീസിൽ പൊതുദർശനം പുരോഗമിക്കുകയാണ്. നാളെ രാവിലെ 11-ന് വെസ്റ്റ് ഹിൽ ശ്മശാനത്തിലാണ് സംസ്കാരം. 1991 മുതൽ 1995 വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഫിഷറീസ് - ഗ്രാമ വികസന - രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയായിരുന്നു എം.ടി പത്മ.

## ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ ഇന്ത്യയുടെ മൂന്നാം ട്വൻറി-20 മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെഞ്ചൂറിയൻ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചിട്ടുണ്ട്.

RNU TVPM

## മഴ - കേരളം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ കനക്കും. എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ എട്ട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

## പൊന്നാനി കേസ്

മലപ്പുറത്ത് പരാതി പറയാൻ എത്തിയ വീട്ടമ്മയെ പോലീസ് ഉദ്യോഗസ്ഥർ പീഡിപ്പിച്ചു എന്ന പരാതിയിൽ ബന്ധപ്പെട്ടവർക്കെതിരെ കേസെടുക്കാൻ നിർദ്ദേശിച്ച പൊന്നാനി മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ആവശ്യമായ നടപടി സ്വീകരിക്കാനുള്ള

ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ നിർദ്ദേശത്തെ തുടർന്നാണ് കേസന്വേഷണത്തിന് മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടത്. ഇതിനെതിരെ ആരോപണവിധേയനായ പോലീസ് ഉദ്യോഗസ്ഥൻ ഡിവിഷൻ ബെഞ്ചിനെ സമീപിച്ചതിനെ തുടർന്നാണ് ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവ്. പരാതി വീണ്ടും പരിശോധിച്ച ശേഷം കോടതിക്ക് ഉചിതമായ തീരുമാനമെടുക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

## വഖഫ് -എം.ടി രമേശ്

വഖഫ് വിഷയത്തിൽ എൽ.ഡി.എഫും, യു.ഡി.എഫും ഒളിച്ചുകളി ഒഴിവാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ്. ഭൂമിയുടെ അവകാശവാദം ഉന്നയിച്ച് വഖഫ് ബോർഡ് നോട്ടീസ് അയച്ചിരിക്കുന്ന ഈ സാഹചര്യം അങ്ങേയറ്റം ഗുരുതരമാണെന്നും അദ്ദേഹം കോഴിക്കോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു. നോട്ടീസുകൾ പിൻവലിക്കാൻ വഖഫ് ബോർഡിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്നും എംടി രമേശ് പറഞ്ഞു.

RNU TVPM

## ശിശുദിനാഘോഷം നാളെ

സംസ്ഥാനതല ശിശുദിനത്തോടനുബന്ധിച്ച് നാളെ വിപുലമായ ആഘോഷപരിപാടികൾ. രാവിലെ 9.30- ന് തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശിശുദിന സന്ദേശം നൽകും.

ശിശുദിന സ്റ്റാമ്പും ചടങ്ങിൽ പ്രകാശനം ചെയ്യും.